122063/2023

# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – തിരുവനന്തപുരം ജില്ല – നെയ്യാറ്റിൻകര നഗരസഭ- പെരുമ്പഴുതൂർ വില്ലേജ് -നിലവിലുള്ള കർമ്മല മാതാപള്ളിയുടെ പുനർ നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. Rev.Dr.Vincent Samuvel, 11/08/2023, 23/08/2023 തീയതികളിൽ ജില്ലാ ടൗൺപ്ലാനറുടെ കാര്യാലയത്തിൽ നൽകിയ അപേക്ഷ.
2. തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 08/09/2023 തീയതിയിലെ LSGD/JD/TVM/3277/2023-P1 നമ്പർ കത്ത്.

=============================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/56964/2023-TCPA1 തീയതി:10-11-2023

=============================================================

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭ പരിധിയിലുള്ള പെരുമ്പഴുതൂർ വില്ലേജിൽ സർവ്വേ നമ്പർ 386/2, 386/2-1, റീസർവ്വേ നമ്പർ 42/1, 42/2 എന്നിവയിൽപ്പെട്ട 6.05 ആർ സ്ഥലത്ത് നിലവിലുള്ള കർമ്മലമാതാ പള്ളി പൊളിച്ച് 137.96 sq.m (Floor area) വിസ്തൃതിയിൽ പുനർ നിർമ്മിക്കുന്നതിന് കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി നെയ്യാറ്റിൻകര ഡെവലപ്മെന്റ് പ്ലാൻ പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. 2008 ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിനും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം പ്രസ്തുത നിർമ്മാണം.
2. കെ.എം.ബി.ആർ 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള NOC ലഭ്യമാക്കേണ്ടതാണ്.
3. കെ.എം.ബി.ആർ 2019 ലെ ചട്ടം 5(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും നിർമ്മാണാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും ബന്ധപ്പട്ട രേഖകൾ പരിശോധിച്ച് ആധികാരികമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. നിർ മ്മാണം KMBR-2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
5. കെട്ടിടത്തിൻ്റെ വശങ്ങളിൽ (side, rear yard കളിൽ) നൽകിയിരിക്കുന്ന

പാർക്കിംഗ് സ്ഥലത്തേക്ക് കെട്ടിടത്തിനടിയിൽ (പ്ലാൻ പ്രകാരം Ground Floor-ൽ ) കൂടി നൽകിയിട്ടുള്ള വഴി (drive way) ബേസ്മെന്റ് നിർമ്മിച്ച് നൽകിയിരിക്കുന്നത് ഒഴിവാക്കി, വഴിസൗകര്യം ഭൂനിരപ്പിൽ തന്നെ നൽകേണ്ടതും KMBR, 2019 ചട്ടം 29 (4)(iv)-ൽ നിഷ്കർഷിച്ചിട്ടുള്ള ചുരുങ്ങിയ 2.2 മീറ്റർ headroom height ഡ്രൈവ് വേക്ക് ലഭ്യമാക്കേണ്ടതുമാണ്. പാർക്കിംഗിലേക്കുള്ള വഴിയായി ഉപയോഗിക്കുന്ന കെട്ടിടത്തിന് അടിയിലുള്ള ടി സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്ന പക്ഷം കെട്ടിടത്തിന്റെ ഒക്കുപ്പൻസി റദ്ദാക്കേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ വികസന/ നിർമ്മാണ അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവിടങ്ങളിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 10-11-2023 17:40:54

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ,

<u>പകർപ്പ്:-</u>

1. BISHOP.Vincent Samuvel , Bishop House,Pathankallu,Neyyattinkara.P.O.
2. ടൗൺപ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം